## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7467 17.7.2012-ൽ മറുപടിയ്ക്ക്

വീട്ടിൽ ഒരു മാവ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച 'വീട്ടിൽ ഒരു മാവ്' എന്ന പദ്ധതിയുടെ പുരോഗതി എന്തെന്ന് വിശദീകരിക്കാമോ ; | (എ) 'വീട്ടിൽ ഒരു മാവ്' പദ്ധതിയെ കേരള സർക്കാരിന്റെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 9 ജില്ലകളിലെ 11നിയോജകമണ്ഡലങ്ങളിലെ 102 പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്. കൂടാതെ പത്തനംതിട്ട ജില്ലയിലെ 5 പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ 9 പഞ്ചായത്തുകളിലും എറണാകുളം ജില്ലയിലെ 3 പഞ്ചായത്തുകളിലും മാവിൻ തൈ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ പഞ്ചായത്തിലും 2007 മാവിൻതൈകളാണ് വിതരണം ചെയ്തത്. |
| (ബി) | ഇതിനായി കേരളത്തിലാകെ എത്ര പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട് ; | (ബി) കേരള സർക്കാരിന്റെ 'നിറവ്'എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 102 പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്. കൂടാതെ പത്തനംതിട്ട ജില്ലയിലെ 5 പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ 9 പഞ്ചായത്തുകളിലും എറണാകുളം ജില്ലയിലെ 3 പഞ്ചായത്തുകളിലുമാണ് |

നടപ്പിലാക്കിയത് കേരളത്തിലെ ആകെ 119 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി.

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മാവിൻ തൈകൾ പഞ്ചായത്തു കൾക്ക് വിതരണം ചെയ്തിട്ടുണ്ടോ ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മാവിൻതൈകൾ പഞ്ചായത്തുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്

(ഡി) ഈ പദ്ധതി അനുസരിച്ച് ഏതൊക്കെ ഇനത്തിൽപ്പെട്ട മാവുകളെ യാണ് തെരഞ്ഞെടുത്തിട്ടുള്ളത് ;

(ഡി) നീലം, അൽഫോൺസോ, ബംഗനാപ്പള്ളി എന്നീ ഇനങ്ങളിൽപ്പെട്ട മാവിൻതൈകളാണ് വിതരണം ചെയ്തത്.

(ഇ) തൈകളുടെ വിതരണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കാമോ ?

(ഇ) 2011-12 സാമ്പത്തിക വർഷത്തിലെ തൈകളുടെ വിതരണം പൂർത്തീകരിച്ച് കഴിഞ്ഞു. നടപ്പ് സാമ്പത്തിക വർഷത്തിൽ പദ്ധതി എങ്ങനെ നടപ്പിലാക്കുമെന്നതിൽ തീരുമാനമായിട്ടില്ല.

(signature)

**സെക്ഷൻ ഓഫീസർ**